# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>റിസർവോയറുകളിൽ ഫ്ളോട്ടിംഗ് സോളാർ</u>
<u>പി. വി. പാനൽ പദ്ധതി</u>

771 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ബെന്നി ബെഹനാൻ
'' വർക്കല കഹാർ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള റിസർവോയറുകളിൽ ഫ്ളോട്ടിംഗ് സോളാർ പി. വി. പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി എങ്ങനെ ഉപയോഗിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മണ്ണട്ടാംപാറ അണക്കെട്ട്</u>

772 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നിയൂർ പഞ്ചായത്തിലെ മണ്ണട്ടാംപാറ അണക്കെട്ട് തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക/ഗാർഹിക ആവശ്യങ്ങൾക്ക് ഇതു കാരണം വെള്ളം ലഭ്യമല്ലാതാകുകയും കൃഷി നശിച്ചു പോവുകയും ഉപ്പുവെള്ളം കയറി ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തകർന്ന ഡാമിനു താഴെയായി ഇരുമ്പോത്തിങ്ങൽ കടവിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുവാൻ സർക്കാരിലേയ്ക്കു എസ്റ്റിമേറ്റു സഹിതം സമർപ്പിച്ച പദ്ധതി പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളപരിഷ്കരണം</u>

773 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക്, തുടർ അനുമതി ലഭിച്ചിട്ടില്ലാത്തതിന്റെ പേരിൽ 2007 മുതൽ ലഭിക്കേണ്ട ശമ്പളപരിഷ്കരണം, വാർഷിക ഇൻക്രിമെന്റ് എന്നിവ കഴിഞ്ഞ ആറ് വർഷക്കാലമായി ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനും, കണ്ടിന്യൂവസ് സാങ്ഷൻ നൽകി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

ബാണാസുര സാഗര്‍ ജലസേചന പദ്ധതി

774 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാണാസുര സാഗര്‍ ജലസേചന പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വര്‍ഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക; ചെലഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വര്‍ഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റില്‍ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ നവീകരണം</u>

775 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകരയിലെ കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ തകർന്ന ഭാഗം പുനർനിർമ്മിക്കാൻ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തികളുടെ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഒഞ്ചിയം, ചോറോട്, അഴിയൂർ പഞ്ചായത്തുകളിലും വടകര മുനിസിപ്പാലിറ്റിയുടെ ചില ഭാഗങ്ങളിലും ജലലഭ്യത നാലിൽ ഒന്നായി കുറഞ്ഞതിനാൽ കനാലിന്റെ തകർന്ന ഭാഗങ്ങൾ പുനർനിർമ്മിച്ച് കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>ഡാമുകളുടെ സംരക്ഷണം</u>

776 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ചേലക്കര മണ്ഡലത്തിലെ അസുരൻകുണ്ട് ഡാമിലെ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സംരക്ഷണ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഡാമുകളുടെ പട്ടികയിൽ അസുരൻകുണ്ട് ഡാമിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ജലസേചനത്തിനും കുടിവെള്ള സ്രോതസ്സുകൾക്കും വളരെ പ്രയോജനം ചെയ്യുന്ന ഈ ഡാമിന്റെ സംരക്ഷണപ്പണികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ മൈനർ ഇറിഗേഷൻ പ്രോജക്ട് - കുളങ്ങളുടെ നവീകരണം</u>

777 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന 200 കുളങ്ങൾ ഏറ്റെടുത്തു നന്നാക്കുന്നതിനുള്ള നടപടിയുടെ അടിസ്ഥാനത്തിൽ ഇതുവരെ എത്ര കുളങ്ങളാണ് നന്നാക്കിയിട്ടുള്ളത്;

(ബി) എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(സി) നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത കുളങ്ങളുടെ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 200 കുളങ്ങളുടെ പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എത്ര കുളങ്ങൾക്കുള്ള ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഇറിഗേഷന്‍ സെക്ഷന്‍ ഓഫീസിന്റെ സ്ഥലം സബ് ട്രഷറിക്ക് വിട്ടു നല്‍കുന്നതിന് നടപടി</u>

778 ശ്രീ.കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊയിലാണ്ടിയില്‍ ഇറിഗേഷന്‍ അധീനതയില്‍ നില നില്‍ക്കുന്ന സെക്ഷന്‍ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ കുറച്ച് ഭാഗം ട്രഷറിക്ക് വിട്ടുനല്‍കുന്നത് സംബന്ധിച്ച് മുന്‍ സര്‍ക്കാറിന്റെ കാലത്ത് ജല വിഭവ വകുപ്പില്‍ നല്‍കിയിട്ടുളള പ്രപ്പോസലിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തില്‍ പുതുതായി നല്‍കിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഈ പ്രൊപ്പോസലില്‍ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ലിഫ്റ്റ് ഇറിഗേഷൻ</u>

779 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനു കീഴിൽ വിവിധ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുന്നതിനായി വാങ്ങിയ മോട്ടോറുകൾക്ക് സ്റ്റാർട്ടർ വാങ്ങാത്തതുമൂലം പ്രവർത്തിപ്പിക്കുവാൻ സാധിക്കാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റാർട്ടറുകൾ അടിയന്തിരമായി വാങ്ങി മോട്ടോറുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന ജലസേചന പദ്ധതികൾ</u>

780 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച നിവാരണ പാക്കേജിൽ പരിഗണിച്ച കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്ന വി.സി.ബി. നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) വരൾച്ച നിവാരണ പദ്ധതിയിൽ കോഴിക്കോട് കലക്ട്രേറ്റിൽ നിന്ന് അംഗീകാരം നൽകി വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് എന്നിവർ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം? ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര;

(സി) കൊയിലാണ്ടി നഗര സഭയ്ക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ പ്രപ്പോസലിൽ കേന്ദ്രതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ചിറ്റാരികടവ് റഗുലേറ്റർ കം ബ്രിഡ്ജിന് ഭരണാനുമതി ലഭിച്ചോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ശാസ്താംകോട്ട കായൽ സംരക്ഷണ സമിതി

781 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായൽ സംരക്ഷിക്കുന്നതിന് സർക്കാർ രൂപീകരിക്കുന്ന അതോറിറ്റിയുടെ അധികാരങ്ങളും പ്രവർത്തികളും നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ പ്രധാന നദികളെ സംരക്ഷിക്കുവാൻ പ്രത്യേകം അതോറിറ്റികളോ സമിതികളോ രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ;

(സി) ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരേയും പരിസ്ഥിതി പ്രവർത്തകരേയും ഉൾപ്പെടുത്തി നദികളെ സംരക്ഷിക്കുന്നതിനായി സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

ചെക്ക് ഡാമുകൾ

782 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര ചെക്ക് ഡാമുകൾ നിർമ്മിക്കാനാണ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്;

(ബി) ഇതിൽ കോഴിക്കോട് ജില്ലയിൽ നിന്ന് എത്ര പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ</u>

783 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരുംമൂട്ടിൽ നിന്ന് താമരക്കുളത്തേക്കുള്ള കല്ലട ജലസേചന കനാലിന്റെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക അനുവദിക്കുമോ;

(സി) മാവേലിക്കര കോട്ടത്തോട് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള മാവേലിക്കര മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികളുടെ ടെൻഡർ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി പൂർത്തീകരിക്കാനുള്ളവയുടെ ടെൻഡർ നടപടി ഉടൻ പൂർത്തീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>കടൽ ഭിത്തികൾ കെട്ടേണ്ടതിന്റെ ആവശ്യകത</u>

784 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലോര പ്രദേശങ്ങളിൽ മഴക്കാലങ്ങളിൽ കടൽക്ഷോഭം രൂക്ഷമായി നിരവധി അപകടങ്ങളും വീടുതകർച്ചയും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ പല കടലോര പ്രദേശങ്ങളിലും കടൽഭിത്തിയില്ലാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടൽഭിത്തിയില്ലാത്തതും രൂക്ഷമായ കടലാക്രമണമുള്ളതുമായ തീരങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പൊന്നാനി ജീലാനി നഗർ കടൽ ഭിത്തി പുനർ നിർമ്മാണം

785 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ജീലാനി നഗർ പ്രദേശത്തെ കടൽ ഭിത്തി പുനർ നിർമ്മാണത്തിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നു ടെണ്ടർ ചെയ്യാനാവും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>കടലാക്രമണം പ്രതിരോധിക്കുന്നതിന് ശാശ്വത സംവിധാനങ്ങൾ</u>

786 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം പ്രതിരോധിക്കുന്നതിന് ശാശ്വതമായ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കുമോ; കടലാക്രമണം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ ശാശ്വത പരിഹാരമായി പുലിമുട്ടുകളും കടൽഭിത്തികളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കടലാക്രമണത്തെ ചെറുക്കുന്നതിനുളള ആധുനിക മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; മത്സ്യബന്ധനത്തിനും ജലയാനങ്ങൾ ഇറക്കുന്നതിനും തടസ്സം വരാത്തവിധം കടൽതീരങ്ങളിൽ കാറ്റാടിമരങ്ങളും കണ്ടൽമരങ്ങളും നട്ട് കടലാക്രമണത്തെ ചെറുക്കുവാനുളള പ്രവർത്തനങ്ങളുടെ സാധ്യതകൾ വിശദമാക്കുമോ; ഇത് എവിടെയെല്ലാം നടപ്പിലാക്കിയെന്നും ഇതിന്റെ സാമ്പത്തിക നേട്ടങ്ങൾ എത്രമാത്രമാണെന്നും വ്യക്തമാക്കുമോ;

(സി) ചേർത്തല മണ്ഡലത്തിലെ ചേന്നവേലി, ആയിരംതൈ മേഖലയിൽ ഉണ്ടാകുന്ന കടലാക്രമണം ചെറുക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ;

(ഡി) ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിൽ പുലിമുട്ടുകളും കടൽഭിത്തികളും നിർമ്മിച്ച് തീരദേശവാസികളെ കടലാക്രമണ ഭീഷണിയിൽ നിന്നും രക്ഷിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഉപരിതലജലത്തിന്റെയും ഭൂജലത്തിന്റെയും ഡാറ്റാ ബാങ്ക്</u>

787 ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപരിതല ജലത്തിന്റെയും, ഭൂജലത്തിന്റെയും ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭൂജല പരിപാലനവും, ആസൂത്രണവും നടപ്പിലാക്കുന്നതിന് ആവശ്യമായ പദ്ധതികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഭൂഗർഭജലനിരപ്പ് - പഠനങ്ങൾ

788 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പിൽ വൻ കുറവ് വന്നിട്ടുള്ളതായി വിദഗ്ദ്ധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ടോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഭൂഗർഭ ജലനിരപ്പ് എത്ര താഴ്ന്നതായിട്ടാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്;

(സി) ഭൂഗർഭ ജലനിരപ്പ് സംബന്ധിച്ചുള്ള എന്തെല്ലാം പഠനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഭൂഗർഭ ജലനിരപ്പ് താഴുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപകടകരമായ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>ഭൂഗർഭ ജല ചൂഷണം തടയാൻ നിയമ നടപടി</u>

789 ശ്രീ. വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല ചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭൂഗർഭ ജല ചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

ഭൂജല ചൂഷണം

790 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം കമ്പനികളാണ് ഭൂജല ചൂഷണം നടത്തുന്നത് ;

(ബി) ഭൂജലചൂഷണം തടയുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഭൂജല വിഭവ വകുപ്പിന്റെ പ്രവർത്തനം

791 ശ്രീ.പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂജല വിഭവ വകുപ്പ് വഴി കഴിഞ്ഞ 3 വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ ചെലവഴിച്ച തുകയുടെ പഞ്ചായത്ത്തല വിശദാംശം വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ഭൂജല വിഭവ വകുപ്പിന്റെ പഞ്ചായത്ത്തല ഭൗതിക ലക്ഷ്യം, സാമ്പത്തിക ലക്ഷ്യം എന്നിവ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ജലസംരക്ഷണ പദ്ധതികളിൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ</u>

792 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ജലസംരക്ഷണ പദ്ധതികളിൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ അടിസ്ഥാനമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഭാവിയിൽ ജലസംരക്ഷണ പദ്ധതികളിൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ നിർബന്ധമായും നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>ചെറുതാഴം സെൻസസ് ഠൗൺ പദ്ധതി</u>

793 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ജലക്ഷാമം നേരിടുന്ന ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴോളം വാർഡുകളെ ഉൾപ്പെടുത്തി സമർപ്പിച്ച ചെറുതാഴം സെൻസസ് ഠൗൺ പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ട മൈക്രോ ഫിൽട്ടർ യൂണിറ്റ് നിർമ്മാണത്തിന്റെ കാലതാമസത്തിന് കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ</u>

794 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വരൾച്ച ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എത്ര തുകയുടെ പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ച് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസം</u>

795

ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല വകുപ്പ്, വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം നടപടികൾ പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ജലസുരക്ഷാ പദ്ധതി</u>

796 ശ്രീ.കെ. ശിവദാസൻ നായർ
'' പി.സി.വിഷ്ണുനാഥ്
'' പാലോട് രവി
'' ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസുരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കേന്ദ്രത്തിന്റെ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചിരിക്കുന്നത്;

(ഡി) വരൾച്ചയെ ചെറുക്കാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിറ്റേഷൻ സെന്ററുകൾ</u>

797 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിറ്റേഷൻ സെന്ററുകൾ ജലവിഭവ വകുപ്പ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം എജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത് ;

(ഡി) ജലത്തിന്റെ ഗുണനിലവാരം പരിശോധിപ്പിക്കുവാൻ ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി</u>

798 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ എത്രാം ഘട്ടമാണ് ഇപ്പോൾ നടന്നു വരുന്നത്;

(ബി) ഏതൊക്കെ ഘട്ടങ്ങളാണ് ഇനി പൂർത്തിയാക്കാനുള്ളത്; വ്യക്തമാക്കുമോ;

(സി) ഓരോ ഘട്ടത്തിലും എത്ര പഞ്ചായത്തുകളെ വീതമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഓരോ ഘട്ടത്തിലും കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>'ജലനിധി' നിർമ്മിച്ച് പഞ്ചായത്തുകൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികൾ</u>

799 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ജലനിധി' നിർമ്മിച്ച് പഞ്ചായത്തുകൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾക്ക് വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫണ്ട് ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ജലനിധി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

800 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ ജലനിധി വഴി സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഓരോ പദ്ധതിയുടേയും അടങ്കൽ തുക എത്രയാണ് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ്</u>

801 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-2014 വർഷത്തിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജലനിധി രണ്ടാംഘട്ടം പ്രവർത്തനം</u>

802 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ടം നടപ്പാക്കുന്നതിന് പാലക്കാട് ജില്ലയിൽ എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്; തെരഞ്ഞെടുക്കുന്നതിനുളള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്തിനെ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുമോ;

(സി) ജില്ലയിലെ എം.എൽ.എ. മാരിൽ നിന്നും പദ്ധതി നടപ്പിലാക്കേണ്ട പഞ്ചായത്തുകളുടെ പേരുകൾ ആവശ്യപ്പെട്ടിരുന്നോ; ഓരോ എം.എൽ.എ. മാരും നിർദ്ദേശിച്ച പഞ്ചായത്തുകൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) എം.എൽ.എ. മാർ നിർദ്ദേശിച്ച എല്ലാ പഞ്ചായത്തുകളെയും രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ജല സാക്ഷരത</u>

803 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജലദൗർലഭ്യം കണക്കിലെടുത്ത് ജലത്തിന്റെ ശാസ്ത്രീയമായ ഉപയോഗം ജനങ്ങളെ പഠിപ്പിക്കുന്നതിന് ജല സാക്ഷരത പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതി

804

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല താലൂക്കിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്നതിനായി 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽ എന്ത് തുക വിനിയോഗിക്കപ്പെട്ടു; ഏതെല്ലാം മേഖലകളിലാണ് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുള്ളത്; നടപ്പ് വർഷം ഇതിനുവേണ്ടി എന്ത് തുക മാറ്റിവച്ചിട്ടുണ്ട്;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുവാൻ ഉൾപ്രദേശങ്ങളിലേയ്ക്കും നിലവിൽ പൈപ്പ് ലൈനുകൾ ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്കും അവ സ്ഥാപിക്കുന്നതിന് ഫണ്ട് വകയിരുത്തിയെന്ന പ്രഖ്യാപനങ്ങൾ വന്നുവെങ്കിലും പലമേഖലകളിലും പൈപ്പ് ലൈനുകൾ സ്ഥാപിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കാമോ; പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന മേഖല ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണി

805 ശ്രീ.ആർ.സെൽവരാജ്
'' എ.പി.അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിക്കുന്ന വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണി നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(സി) എത്ര വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്കും വീടുകൾക്കുമാണ് സംഭരണി നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പുതിയ കെട്ടിടങ്ങൾക്കൊപ്പം പഴയ കെട്ടിടങ്ങളിൽ കൂടി മഴവെള്ള സംഭരണി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികള്‍</u>

806 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയില്‍
'' സി. കെ നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമം പൂര്‍ണ്ണമായി പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത പദ്ധതികള്‍ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പദ്ധതികള്‍ നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിനായുള്ള കമ്പനി</u>

807 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും നേരിട്ടപ്പോൾ കുടിവെള്ള വിതരണ മേഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാദ്ധ്യമായോ; കുടിവെള്ളക്ഷാമം പരിഹരിക്കാൻ സിയാൽ മോഡൽ കുടിവെള്ള വിതരണ കമ്പനി രൂപീകരണത്തിന് സർക്കാർ തയ്യാറായിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട കമ്പനിക്ക് വില്ക്കാൻ അനുമതി നൽകിയിട്ടുള്ള വിലയ്ക്ക് വെള്ളം വില്ക്കാൻ അനുവദിച്ചാൽ സ്വകാര്യപങ്കാളിത്തമില്ലാതെ തന്നെ കമ്പനി രൂപീകരിക്കാമെന്ന വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം തള്ളാൻ കാരണം എന്താണ്; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് 2012 ഡിസംബർ 31 നും 2013 ഏപ്രിൽ 15 നും സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ ഉള്ളടക്കം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ആദ്യത്തെ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; രണ്ടാമത്തെ ഉത്തരവിൽ ഏതെല്ലാം കാര്യങ്ങളിലാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുവാൻ പദ്ധതി</u>

808 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാവിയിലെ ആവശ്യത്തിനുള്ള കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുവാൻ ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികളെപറ്റി വിശദമാക്കുമോ;

(ബി) സമുദ്രത്തിൽ നിന്ന് ഉപ്പ് വേർതിരിച്ച് കുടിവെള്ളമാക്കുന്ന നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിന് നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ളചൂഷണം തടയുന്നതിന് നടപടി</u>

809 ശ്രീ. എ. പ്രദീപ്കുമാർ
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം മൂലം ജനങ്ങൾക്കുണ്ടായ ദുരിതങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭജലവിതാനത്തിന്റെ അളവ് വളരെ കുറഞ്ഞുവരുന്ന സ്ഥലങ്ങളിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ ചിറ്റൂർ പോലുള്ള താലൂക്കുകളിൽ മദ്യ-കുപ്പിവെള്ള കമ്പനികൾ അമിതമായി ജലമൂറ്റുന്നതു തടയാൻ സർക്കാർ നടപടിയെടുത്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ക്രമാതീതമായി താഴുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള മാഫിയയ്ക്കെതിരെ നടപടി</u>

810 ശ്രീ.കെ.കെ.ജയചന്ദ്രൻ
,, എസ്. ശർമ്മ
,, കെ. ദാസൻ
ഡോ.ടി.എം.തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം നേരിടാൻ സർക്കാർ സംവിധാനം കാര്യക്ഷമമല്ലാതിരുന്നത് കുടിവെള്ള മാഫിയ രംഗത്തെത്താൻ കാരണമായി എന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മാഫിയ പൊതുടാപ്പുകൾ, പൊതുകിണറുകൾ, കുടിവെള്ള സ്രോതസ്സുകൾ എന്നിവയിൽ നിന്നും ജലമൂറ്റി വ്യാപകമായി വിൽപന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇവരെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

ജപ്പാൻകുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തലയിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കുകൾ

811

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതോടെ ചേർത്തലയിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള വാട്ടർ ടാങ്കുകളുടെ ഭാവി ഉപയോഗം എന്തായിരിക്കും എന്ന് അറിയിക്കുമോ; പ്രസ്തുത ടാങ്കുകളും ഇവ നിൽക്കുന്ന സ്ഥലങ്ങളും എന്താവശ്യത്തിന് ഉപയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചേർത്തലയിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിൽ പലതും വലിയ ജലസംഭരണികളായിരുന്ന പൊതു കുളങ്ങൾ നികത്തിയാണ് നിർമ്മിച്ചിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മൂടപ്പെട്ട പൊതു കുളങ്ങളുടെ ശേഷിച്ച ഭാഗമെങ്കിലും സംരക്ഷിക്കുവാനും നിലനിർത്തുവാനും ആവശ്യമായ ഫണ്ടും നടപടിയും ഉണ്ടകുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ള കണക്ഷനുകൾ

812 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ചേർത്തലയിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; കുടിവെള്ള പദ്ധതി കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കണമെങ്കിൽ എത്ര കണക്ഷനുകൾ നൽകണമെന്ന് അറിയിക്കുമോ; ജപ്പാൻ കുടിവെള്ളം പൊതുജനങ്ങൾക്ക് ഉപയോഗിക്കാനായി എത്ര പൊതു ടാപ്പുകൾ ചേർത്തലയിൽ സ്ഥാപിക്കുമെന്ന് അറിയിക്കുമോ; ഇതിനോടകം എത്ര പൊതു ടാപ്പുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിലും ദുർബല വിഭാഗങ്ങൾ താമസിക്കുന്ന നാലു സെന്ററും അതിൽ താഴെയുമുള്ള സെറ്റിൽമെന്റ് കോളനികളിലും ജപ്പാൻ കുടിവെള്ളം ലഭിക്കുന്ന പൊതുടാപ്പുകൾ സ്ഥാപിക്കുന്നുണ്ടോ; ഇവർക്ക് സൗജന്യമായി കുടിവെള്ളം ലഭിക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമാകുമോ എന്നു വ്യക്തമാക്കുമോ;

(സി) ജപ്പാൻ കുടിവെള്ളം വ്യാവസായിക അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇപ്രകാരം വെള്ളം വ്യാവസായികാവശ്യത്തിന് നൽകിയാൽ പൊതുജനങ്ങളുടെ കുടിവെള്ളം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുമോ; വ്യാവസായികമായി ജപ്പാൻ കുടിവെള്ളം വില്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയാണെന്ന് അറിയിക്കുമോ; ഇതിന്റെ വ്യവസ്ഥകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കറുകുറ്റി- മൂക്കന്നൂര്‍ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം</u>

813 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി-മൂക്കന്നൂര്‍ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നബാര്‍ഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ പദ്ധതി കമ്മീഷന്‍ ചെയ്യുന്നതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂര്‍ത്തിയാകാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികള്‍ പൂര്‍ത്തിയാക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷന്‍ ചെയ്യാന്‍ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

വൈപ്പിൽ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം

814 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ശുദ്ധജലക്ഷാമം അനുഭവിച്ചുവരുന്ന വൈപ്പിൻ മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി ജിഡ, ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന പ്രവൃത്തികൾ ഊർജിതപ്പെടുത്തുന്നതിനും, വകുപ്പുതല ഏകോപനം ഉണ്ടാക്കുന്നതിനും ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ഒരു മോണിറ്റിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പഴയകുന്നുമ്മേൽ, കിളിമാനൂർ ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതി

815 ശ്രീ. ബി സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പഴയ കുന്നുമ്മേൽ, കിളിമാനൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെയും ഒറ്റൂർ, മണമ്പൂർ, പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ചേര്‍ത്തല ജിക്ക പ്രോജക്ട്</u>

816 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ജിക്ക പ്രോജക്ടിന് മുഖ്യമന്ത്രി പ്രഖ്യാപിച്ച 60 കോടി രൂപയുടെ ലൈന്‍ എക്സ്റ്റെന്‍ഷന്‍ പ്രവൃത്തികളുടെ പ്രൊപ്പോസല്‍ - ചേര്‍ത്തല ജിക്ക പ്രോജക്ടിന് നല്‍കിയിട്ട് എത്ര നാളായി;

(ബി) ആയതില്‍ കഴിഞ്ഞ ബഡ്ജറ്റില്‍ തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ; ഇല്ലെങ്കില്‍ ഈ ബഡ്ജറ്റില്‍ തുക നീക്കിവയ്ക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേയ്ക്ക് ലൈന്‍ എക്സ്റ്റെന്‍ഷന്‍ നടപടി ടെന്‍ഡര്‍ ചെയ്യാനാകും; എന്നത്തേയ്ക്ക് പൂര്‍ത്തീകരിക്കാനാകും?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>എളങ്കുന്നപ്പുഴ സോൺ -1 ൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ</u>

817

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധജലവിതരണ പ്രവൃത്തികളിൽ എളങ്കുന്നപ്പുഴ സോൺ -1 ൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നും, പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ, എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമ്പോൾ ആവശ്യമായി വരുന്ന ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തൃശൂർ ഗവ.മെഡിക്കൽ കോളേജിലെ ശുദ്ധജല വിതരണം</u>

818 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെഡിക്കൽ കോളേജിൽ ശുദ്ധജലം എത്തിക്കുന്നതിന് നടപടിസ്വീകരിച്ചുവരുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ളക്ഷാമം</u>

819 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) വരൾച്ചാബാധിത പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര മേജർ കുടിവെള്ള വിതരണ പദ്ധതി</u>

820 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര മേജർ കുടി വെള്ള വിതരണ പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇനിയും എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ടോ; ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തുന്നത്; ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; എന്നത്തേക്ക് ഇവ പൂർത്തിയാക്കാൻ കഴിയും; പദ്ധതി പൂർണ്ണമായ തോതിൽ ആരംഭിക്കാൻ ഇനിയും എന്തൊക്കെ നടപടികളാണുള്ളത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതി</u>

821 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 2 കോടി 62 ലക്ഷം രൂപയുടെ അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ടെണ്ടർ നടപടികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ വിളിച്ചിട്ടുള്ള അഞ്ച് പാക്കേജുകളുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

822 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ജലവിഭവ വകുപ്പിന്റെ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) നൂറനാട്-കുറത്തികാട് കുടിവെള്ള പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്ത് പ്രവർത്തിക്കുവാൻ കഴിയും;

(സി) ജലവിഭവ വകുപ്പിന്റെ കീഴിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) മാവേലിക്കര-ചെങ്ങന്നൂർ മണ്ഡലങ്ങളുടെ അതിർത്തിയിൽ, അച്ചൻകോവിലാറ്റിൽ തടയണകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഏതൊക്കെ പ്രദേശങ്ങളിലാണ് തടയണകൾ നിർമ്മിക്കുന്നത്?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ശ്രീകൃഷ്ണപുരവും, സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതികൾ</u>

823 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരവും, സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട്;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി എന്നാണ് പ്രവർത്തനം തുടങ്ങിയത്; മുടങ്ങിപ്പോയതിന്റെ കാരണം അറിയിക്കുമോ;

(ഡി) നിലവിൽ ഏതു സ്കീമിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവൃത്തി ചെയ്തുവരുന്നത്; എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; പ്രസ്തുത പ്രവൃത്തിയുടെ കാലികസ്ഥിതി വിശദമാക്കാമോ;

(ഇ) ഈ പ്രവൃത്തി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അരുവിക്കരയിൽ നിന്നും തിരുവനന്തപുരത്തേക്ക് പുതിയ ജല വിതരണ പൈപ്പ് ലൈൻ</u>

824 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിൽ നിന്നും തിരുവനന്തപുരത്തേക്ക് പുതിയ ജലവിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വെട്ടിക്കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ എന്തു കാലതാമസം വരുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>കമ്മിഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ</u>

825 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെണ്ടർ നൽകി പ്രവൃത്തി ആരംഭിച്ച ഏതെങ്കിലും കുടിവെള്ള പദ്ധതി പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും ടെണ്ടർ നടപടി പൂർത്തിയാക്കി എന്ന് പ്രവൃത്തി ആരംഭിച്ചു എന്നും എന്ന് കമ്മിഷൻ ചെയ്തുവെന്നും പദ്ധതികൊണ്ട് എത്രപേർക്ക് ഗുണം ലഭിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എത്ര പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കി കമ്മിഷൻ ചെയ്തു എന്നും അതിലൂടെ എത്രപേർക്ക് കുടിവെള്ളം നൽകാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി മേഖലകളിൽ കുടിവെള്ള വിതരണത്തിനുള്ള പദ്ധതികൾ

826 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി മേഖലകളിൽ കുടിവെള്ള വിതരണത്തിനായി ജലവിഭവ വകുപ്പിന്റെ പ്രത്യേകപദ്ധതി നിലവിലുണ്ടോ; എങ്കിൽ വടകര മണ്ഡലത്തിലെ അഴിയാർ, ചോറോട്, ഒഞ്ചിയം പഞ്ചായത്തുകളിലും വടകര മുനിസിപ്പാലിറ്റിയിലും കുടിവെള്ള വിതരണത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കടൽ - കായൽജല ശുദ്ധീകരണശാലകൾ</u>

827 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, ഇ.കെ. വിജയൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കടൽ - കായൽജല ശുദ്ധീകരണശാലകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏത് കമ്പനിക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയിൽ വാട്ടർ അതോറിറ്റിക്ക് നേരിട്ട് എന്തെങ്കിലും നിയന്ത്രണമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>കടമക്കുടി ഗ്രാമപഞ്ചായത്തിലെ മുപ്പത്തടം പദ്ധതി</u>

828 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ള മുപ്പത്തടം പദ്ധതിക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ഏതെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>നോർത്ത് പറവൂരിൽ നിന്നും എടവനക്കാട് അണിയിൽ വരെയുളള ശുദ്ധജല വിതരണ പദ്ധതി</u>

829 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡ, ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന നോർത്ത് പറവൂരിൽ നിന്നും എടവനക്കാട് അണിയിൽ വരെയുളള ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയായാൽ ഏതെല്ലാം പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്ന ശുദ്ധജലത്തിന്റെ അളവ് എത്രയെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പൊന്നാനിയിലെ സമഗ്ര കുടിവെള്ള പദ്ധതി</u>

830 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ സമഗ്ര കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഇതിനുള്ള ഏജൻസിയുമായി ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നരിപ്പറമ്പ് പമ്പിംഗ് സ്റ്റേഷനിൽ നിന്നുള്ള ജലം ശുദ്ധീകരിക്കാതെ ക്ലോറിൻ ചേർത്ത് നേരിട്ട് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജലം ശുദ്ധീകരിക്കുന്നതിനായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടപ്പാക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പന്തളം കുടിവെള്ള പദ്ധതി</u>

831 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തളം കുടിവെള്ള പദ്ധതി, ഫണ്ട് ലഭ്യതയില്ലായ്മ കാരണം പൂർത്തീകരിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ അധിക തുകയ്ക്കുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ബോട്ടിലിംഗ് കമ്പനികളുടെ അനിയന്ത്രിത ജലചൂഷണം</u>

832 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം ബോട്ടിലുകളിലാക്കി വില്പന നടത്തുന്ന വിവിധ കമ്പിനികൾക്ക് പരമാവധി ശേഖരിക്കാവുന്ന ജലത്തിന്റെ അളവ് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുടിവെള്ള ബോട്ടിലിംഗ് കമ്പനികൾ അനിയന്ത്രിതമായി ഭൂഗർഭജലം ശേഖരിക്കുന്നത് മൂലം സമീപ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ ക്ഷാമം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ജലശുദ്ധീകരണ ശാലകൾ സ്ഥാപിക്കാൻ പദ്ധതി

833 ശ്രീ. എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റി കായൽ ജലശുദ്ധീകരണ ശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി</u>

834 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എൻ.എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കുടിവെള്ള ആവശ്യം നേരിടാൻ കടൽ വെള്ളം ശുദ്ധികരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി തെരഞ്ഞെടുത്ത സാങ്കേതിക വിദ്യ എന്തെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിച്ചാലുള്ള ശരാശരി ഉല്പാദന ചെലവ് എത്രയായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കടൽജല ശുദ്ധീകരണം</u>

835 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽജല ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സമുദ്ര ജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി</u>

836 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലോര പ്രദേശങ്ങളിലും കുട്ടനാട്ടിലും നടപ്പിലാക്കുന്ന സമുദ്രജലത്തിൽ നിന്ന് കുടിവെള്ളമുണ്ടാക്കുന്ന നൂതന സാങ്കേതിക വിദ്യ ഉൾപ്പെടുന്ന പദ്ധതികൾക്കായി 2013-14 ൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പൈലറ്റ് പ്രോഗ്രാമായി നടപ്പാക്കുന്ന പൂന്തുറ-താഴംപള്ളി കുടിവെള്ള പദ്ധതിക്കായി ഇതിൽ എത്ര തുക നീക്കിവച്ചിട്ടിണ്ട്;

(സി) ഇത് എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വടക്കാങ്ങര വില്ലേജിൽ മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി</u>

837 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിലെ വടക്കാങ്ങര വില്ലേജിലുളള ഭൂമിയിൽ നിന്ന് 25 സെന്റ് ഭൂമി മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

838 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റിയിലെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് മൂലം കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടറിംഗും, ഇ-ഗവേർണൻസും

839 ശ്രീ. എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടറിംഗും, ഇ-ഗവേണൻസും നടപ്പാക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം</u>

840 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) നോൺ റവന്യൂ വാട്ടർ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയുടെ വരുമാനം</u>

841 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്ത് വിതരണം ചെയ്തു വരുന്ന വെള്ളത്തിന്റെ നിരക്കുകളിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ വർദ്ധനവ് വരുത്തുകയുണ്ടായി; ഓരോ വർദ്ധനവിന്റെയും നിലവിലുള്ള നിരക്കിന്റെ എത്ര ശതമാനം വീതമായിരുന്നു;

(ബി) നിരക്ക് വർദ്ധന സംബന്ധിച്ച ഓരോ തീരുമാനം എടുക്കുമ്പോഴും അധിക വരുമാനം പ്രതീക്ഷിച്ചത് എത്ര തുക വീതമായിരുന്നു;

(സി) 2010-11, 2011-12, 2012-13 വർഷങ്ങളിലെ വാട്ടർ അതോറിറ്റിയുടെ വരുമാനം സംബന്ധിച്ച കണക്ക് വിശദമാക്കാമോ;

(ഡി) ഇപ്പോഴത്തെ സർക്കാർ വാട്ടർ അതോറിറ്റിയ്ക്ക് എന്തെല്ലാം നിലയിൽ എത്ര തുക ഇതിനകം നല്കിയിട്ടുണ്ട്?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

താത്കാലിക പമ്പ് ഓപ്പറേറ്റർമാർ

842 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 28 വർഷമായി കെ.ഡബ്ല്യൂ.എ.യിൽ പമ്പ് ഓപ്പറേറ്റർമാരായി ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ കോട്ടയം ജില്ലയിലെ പാലാ-കടുത്തുരുത്തി സബ് ഡിവിഷന്റെ കീഴിൽ എത്ര പേരുണ്ട്;

(സി) പ്രസ്തുത പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഹൈക്കോടതി ഉത്തരവനുസരിച്ച് ഹിയറിംഗ് നടത്തിയോ; എങ്കിൽ അതിന്മേൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ;

(ഡി) പമ്പ് ഓപ്പറേറ്റർമാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് ഇപ്പോൾ കെ.ഡബ്ല്യൂ.എ.യിൽ ഫയൽ തീരുമാനമാകാതെ കിടക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നമ്പർ വ്യക്തമാക്കാമോ; കെ.ഡബ്ല്യൂ.എ. ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമാരാഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

843 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഒൻപത് പഞ്ചായത്തുകളിലും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും വാട്ടർ അതോറിറ്റി ആറ്റിങ്ങൽ ഡിവിഷൻ എന്ത് തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയെന്നും ഈ പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയും തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) വരൾച്ചാ ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ ഭൂജല വകുപ്പ് എത്ര കുഴൽ കിണറുകൾ വീതം നിർമ്മിച്ചുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും മണ്ഡലാടിസ്ഥനത്തിൽ വിശദമാക്കാമോ;

(സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>നദീതടസംരക്ഷണ പദ്ധതി</u>

844 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന നദീതടസംരക്ഷണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലുള്ള ഏതെല്ലാം നദികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ചാലിയാർ പുഴയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

എടക്കാട് തോട് നവീകരണ പ്രവൃത്തി

845 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എടക്കാട് തോട് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനായി എന്നാണ് നടപടികൾ തുടങ്ങിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എന്തു തുകയുടെ എസ്റ്റിമേറ്റാണ് ആദ്യം തയ്യാറാക്കി സമർപ്പിച്ചതെന്നും, അതിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശവും വ്യക്തമാക്കുമോ;

(സി) രണ്ടാമതും എസ്റ്റിമേറ്റ് തുക വർദ്ധിച്ചിട്ടുണ്ടെങ്കിൽ തുക വർദ്ധിക്കാനുണ്ടായ കാരണവും, കാലതാമസത്തിനുണ്ടായ കാരണവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

846 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' (ജലശ്രീ) പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽ എത്ര കുളങ്ങളുടെ സംരക്ഷണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പേരൂൽ തോടിലെ വി.സി.ബി. യുടെ പുനർനിർമ്മാണം</u>

847 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് -19 ൽ ഉൾപ്പെടുത്തി പേരൂൽ ശിവക്ഷേത്രത്തിനു സമീപം പേരൂൽ തോടിന് കുറുകെയുള്ള വി.സി.ബി. യുടെ പുനർനിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ എരമം-കുറ്റൂർ "തോക്കാട് തോടിനു കുറുകെ പാലത്തോടുകൂടിയ വി.സി.ബി നിർമ്മാണം"</u>

848 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് 19 ൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ച "തോക്കാട് തോടിനു കുറുകെ പാലത്തോടുകൂടിയ വി. സി. ബി നിർമ്മാണത്തിന്റെ" നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തിരമായി അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ചെറുപുഴക്ക് വി.സി.ബി കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന്റെ പുരോഗതി</u>

849 ശ്രീ.റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ, കൂട്ടിലങ്ങാടി പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ചെറുപുഴക്ക് കുറുകെ വി.സി.ബി കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 4 വർഷത്തെ ബഡ്ജറ്റുകളിലും ഭരണാനുമതിയുള്ള പ്രവൃത്തിയായിട്ടും, ഇതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വി.സി.ബി കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അരീപ്പുറം പാലത്തിന്റെ നിർമ്മാണം</u>

850

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ, അമ്പലപ്പുഴ വടക്ക് - തെക്ക് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ടുളള കാപ്പിതോടിന് കുറുകെ ഒരു കൾവർട്ട് നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന് ശുപാർശ നൽകിയിരുന്നുവോ;

(ബി) പ്രസ്തുത ശുപാർശയിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കൾവർട്ടിന്റെ നിർമ്മാണത്തിന് ഫണ്ടും ഭരണാനുമതിയും നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി ഷട്ടർ കം ബ്രിഡ്ജ്</u>

851 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി വളവിൽ ഷട്ടർ കം ബ്രിഡ്ജുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ കമ്മാണ്ടിക്കടവ് പാലം</u>

852 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കമ്മാണ്ടിക്കടവ് പാലത്തിന്റെ ഇരുകരകളും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവൃത്തി ഏതുവരെയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇരുകരകളും കെട്ടി സംരക്ഷിക്കാത്തത് കാരണം എം.പി ഫണ്ടിൽ നിന്നും അനുവദിച്ച പാലം പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബാക്കി പ്രവൃത്തികൾ കൂടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ</u>

853 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാതയുടെ ആലപ്പുഴ - കൊല്ലം, കൊച്ചി - കോട്ടപ്പുറം സ്ട്രെച്ചിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ജലപാതയുടെ നിർമ്മാണത്തിനിടെ കുഴിച്ചെടുക്കപ്പെടുന്ന മണ്ണിനുവേണ്ടിയുള്ള തർക്കങ്ങൾക്കും എതിർപ്പുകൾക്കും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ദേശീയ ജലപാതയുടെ അവശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിന് പര്യാപ്തമായ തുക നിലവിൽ ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പാതയുടെ പൂർത്തീകരണം എന്ന് സാധ്യമാകുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വടകര-മാഹി കനാൽ</u>

854 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ രണ്ടും മൂന്നും ഘട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) വടകര-മാഹി കനാൽ നിർമ്മാണത്തിന് നബാർഡ്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ എന്നീ ഏജൻസികൾ എന്ത് തുക വീതം ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>ശാസ്താംകോട്ട കായൽ സംരക്ഷണം</u>

855 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായൽ സംരക്ഷണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തടാകത്തിന്റെ സമഗ്രമായ സംരക്ഷണത്തിനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ബന്ധപ്പെട്ട റിപ്പോർട്ടുകൾ, പ്രോജക്ടുകൾ, രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) തടാക സംരക്ഷണത്തിനായി മറ്റു വകുപ്പുകളുടെ ഏകോപനത്തിലൂടെ നടത്തുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ശാസ്താംകോട്ട തടാക സംരക്ഷണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ശാസ്താംകോട്ട തടാക സംരക്ഷണം</u>

856 ശ്രീ. എം.എ. ബേബി
,, പി. കെ. ഗുരുദാസൻ
,, ബി.ഡി. ദേവസ്സി
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട തടാകം ഉൾപ്പെടുന്ന പ്രദേശം സംരക്ഷിത മേഖലയായി പ്രഖ്യാപിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള എന്തെങ്കിലും പ്രഖ്യാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) തടാക സംരക്ഷണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കുടിവെള്ള-ജലസേചന ആവശ്യങ്ങൾക്ക് തടാകത്തിൽ നിന്നും എടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ബദൽ മാർഗ്ഗങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിനുള്ള ചുമതല ആർക്കാണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കായലുകളും പുഴകളും തണ്ണീർതടങ്ങളും
സംരക്ഷിക്കാൻ നടപടി

857 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായലുകളും തണ്ണീർതടങ്ങളും പുഴയോരങ്ങളും സ്വകാര്യവ്യക്തികൾ കയ്യേറി കരഭൂമിയാക്കി മാറ്റുന്നതു തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ ;

(ബി) കായലുകളും തണ്ണീർതടങ്ങളും പുഴയോരങ്ങളും കയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് വനം സംരക്ഷണ മാതൃകയിൽ അതിർത്തികൾ നിശ്ചയിച്ച് 'ജണ്ഡ' നിർമ്മിക്കുന്ന രീതി അവലംബിക്കാൻ പദ്ധതി തയ്യാറാകുമോ ;

(സി) കായൽ - തണ്ണീർതട - പുഴയോര സംരക്ഷണം മുൻനിർത്തി, വനസംരക്ഷണ സേനയുടെ മാതൃകയിൽ ഒരു സേനയ്ക്കു രൂപം നല്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പാര്‍വ്വതീപുത്തനാറിന്റെ ശുചീകരണം</u>

858 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

തിരുവനന്തപുരം ജില്ലയിലെ പാര്‍വ്വതീപുത്തനാര്‍ ശുചീകരിച്ച് സംരക്ഷണഭിത്തി നിര്‍മ്മിക്കുന്നതിനും, ഇരുകരകളിലെയും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് പകരം അവര്‍ക്കു താമസസ്ഥലം നല്‍കുന്നതിനും ഈ സര്‍ക്കാര്‍ അധികാരമേറ്റതിനു ശേഷം സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ നദികളുടെ സംരക്ഷണം

859 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ കരമനയാർ, കിള്ളിയാർ എന്നീ നദികളുടെ ശുചീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ എന്നിവയ്ക്കായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കരിപ്പുഴ കനാൽ പുനരുദ്ധരിക്കാൻ നടപടി</u>

860 ശ്രീ.സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടി കടന്നു പോകുന്ന കരിപ്പുഴ കനാൽ മലീമസമായി ഗുരുതരമായ പകർച്ച വ്യാധി ഭീക്ഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരിപ്പുഴ കനാൽ മാലിന്യമുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുലമൺ തോടു നവീകരണം</u>

861 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോടു നവീകരണ പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത ടെണ്ടർ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) പ്രസ്തുത ടെണ്ടർ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ധർമ്മടം നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ സംരക്ഷണം

862 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ജലസംരക്ഷണത്തിന്റെ ഭാഗമായി കുളങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള എത്ര പ്രൊപ്പോസലുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവ ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അരൂര്‍ നിയോജക മണ്ഡലത്തിലെ ചന്തിരൂര്‍ പുത്തന്‍തോട് നവീകരണം</u>

863 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ നിയോജക മണ്ഡലത്തിലെ ചന്തിരൂര്‍ പുത്തന്‍തോട് എന്നാണ് മേജര്‍ ഇറിഗേഷന്‍ വകുപ്പിന്റെ നേതൃത്വത്തില്‍ അവസാനമായി ആഴംകൂട്ടി വൃത്തിയാക്കിയത്; എത്ര തുകയായിരുന്നു ആകെ ചെലവ്;

(ബി) കഴിഞ്ഞ 5 വര്‍ഷത്തിനുള്ളില്‍ പ്രസ്തുത തോട് വീണ്ടും മലീമസമായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) അരൂര്‍ എം.എല്‍.എ നല്‍കിയ അപേക്ഷകളിന്മേല്‍ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തോട് ആഴംകൂട്ടി വൃത്തിയാക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?